പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3753 19.03.2018 - ൽ മറുപടിക്ക്

# കോതായിതോട് പാലത്തിന്റെ പുനരുദ്ധാരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് : | | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യമ്പുഴ - മഞ്ഞപ്ര ഗ്രാമ-പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പി-ക്കുന്ന കോതായിതോട് പാലത്തിന്റെ പുനരുദ്ധാരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ; | (എ) | അങ്കമാലി നിയോജകമണ്ഡ-ലത്തിലെ അയ്യമ്പുഴ - മഞ്ഞപ്ര ഗ്രാമ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കോത്തായിതോട് പാലം നിർമ്മിക്കുന്നതിന് സർക്കാർ ഉത്തരവ് (സാധാ.) നമ്പർ. 1045/2009/പൊ.മ.വ തീയതി 14.07.2009 പ്രകാരം 168 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. അതിൽ 100 ലക്ഷം രൂപ റോഡ് നിർമ്മാണത്തിന് വകയിരുത്തി-യതിന്റെ അടിസ്ഥാനത്തിൽ റോഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്ന് ആദ്യം ഭരണാനുമതി നൽകിയതിൽ ബാക്കിയുള്ള 68 ലക്ഷം രൂപ പാലം നിർമ്മാണത്തിന് അപര്യാപ്തമായ-തിനാൽ 27.12.2013 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ. 1689/2013/പൊ.മ.വ പ്രകാരം 375 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി. ഇതിൽ 275 ലക്ഷം രൂപ പാലത്തിനും 100 ലക്ഷം രൂപ റോഡിനും വേണ്ടി വകയിരുത്തിയിട്ടുള്ളതാകുന്നു. ഈ പാലത്തിന്റെ അപ്രോച്ച് |

| | | | |
|---|---|---|---|
| | | | റോഡിനായുള്ള സ്ഥലം ഏറ്റെടുക്കുന്നതിനായി ലാന്റ് അക്വസിഷൻ തഹസിൽദാരോടും പാലം പണിയുന്ന സ്ഥലം നെൽവയൽ തണ്ണീർതട നിയമ പ്രകാരം ഉള്ള സ്ഥലമായതിനാൽ പരിവർത്തനാനുമതി ലഭിക്കുന്നതിനായി അയ്യമ്പുഴ കൃഷി ഭവനിലേയ്ക്കും അപേക്ഷ നൽകിയിട്ടുണ്ട്. നെൽവയൽ തണ്ണീർതട നിയമ പ്രകാരം ഉള്ള പരിവർത്തനാനുമതി ലഭിച്ച് സ്ഥലം ഏറ്റെടുപ്പ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇതിനായി അനുവദിച്ച 375 ലക്ഷം രൂപയുടെ ഭരണാനുമതിയുടെ കാലാവധി അവസാനിച്ചിട്ടുണ്ടോ ; | (ബി) | റോഡ് നിർമ്മാണത്തിന് ഫണ്ട് ഉപയോഗിച്ചതിനാൽ ഭരണാനുമതിയുടെ കാലാവധി അവസാനിച്ചിട്ടില്ല. |
| (സി) | ഇതിന്റെ സ്ഥലമെടുപ്പ് നടപടികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ ; | (സി) | ഇതിന്റെ സ്ഥലമെടുപ്പ് നടപടികൾ ലാന്റ് അക്വസിഷൻ തഹസിൽദാരുടെ നേതൃത്വത്തിൽ പൂർത്തിയായി വരുന്നതായി അറിയിച്ചിട്ടുണ്ട്. |
| (ഡി) | പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ? | (ഡി) | നെൽവയൽ തണ്ണീർതട നിയമ പ്രകാരമുള്ള സ്ഥലം ആയതിനാൽ കൃഷി വകുപ്പിൽ നിന്ന് പരിവർത്തനാനുമതിയും, റവന്യൂ വകുപ്പിൽ നിന്ന് സ്ഥലം എടുപ്പ് നടപടികളും പൂർത്തിയാക്കി കഴിഞ്ഞാൽ മാത്രമേ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. അതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

S. Bindu

**സെക്ഷൻ ഓഫീസർ**